LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടേറിയറ്റിലെ സെക്ഷനുകൾ

5 [3056] ശ്രീ. ബി വിജയകുമാർ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, പി. ടി. തോമസ്:

,, ലൂഡി ലൂയിസ്:

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് മന്ദിരത്തിന്റെ ഒരേ വകുപ്പിന്റെ വിവിധ സെക്ഷനുകൾ ഒരിടത്തുതന്നെ അടുത്തടുത്ത് കിടക്കത്തക്കവിധത്തിലാണോ ഇപ്പോൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്;

(ബി) അല്ലെങ്കിൽ ഒരേ വകുപ്പിന്റെ വിവിധ സെക്ഷനുകൾ പലയിടങ്ങളിലാക്കുവാനുള്ള കാരണമെന്തെന്ന് പറയുമോ;

(സി) അവയുടെ ഓഫീസർമാർക്ക് സെക്ഷനുകൾക്കടുത്താണോ സ്ഥാനം നൽകിയിട്ടുള്ളത്;

(ഡി) ഒരേ വകുപ്പിന്റെ പല സെക്ഷനുകളും അവയുടെ ഓഫീസർമാരും പലയിടങ്ങളിലായി ഇരിക്കുന്നത് ശാസ്ത്രീയവും, ഭരണസൗകര്യത്തിനുതകുന്നതും സമയലാഭം വരുത്തുന്നതുമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) വിവിധ ആവശ്യങ്ങൾക്കായി സെക്രട്ടേറിയറ്റിലെത്തുന്ന പൊതുജനങ്ങൾക്ക് ഇപ്രകാരമുള്ള സംവിധാനം കൂടുതൽ സൗകര്യം നൽകുന്നതാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) ഒരേ വകുപ്പിലെ വിവിധ സെക്ഷനുകളും അവയുടെ ഓഫീസർമാരും അടുത്തടുത്ത് ഒരു കോംപാക്ട് ഏരിയായ്ക്കുള്ളിൽ കൊണ്ടുവരുവാനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ—എഫ്) സെക്രട്ടേറിയറ്റിലെ ഒരേ വകുപ്പിന്റെ വിവിധ സെക്ഷനുകൾക്കും ഓഫീസർമാർക്കും മിക്കവാറും അടുത്തടുത്ത് സ്ഥലം നൽകിയാണ് ചിട്ടപ്പെടുത്തിയിട്ടുള്ളത്, എന്നാൽ സ്ഥലദൗർലഭ്യം മൂലം ചില വകുപ്പുകളിലെ ചില സെക്ഷനുകളും ഓഫീസർമാരും വ്യത്യസ്ഥ സ്ഥലങ്ങളിൽ പ്രവൃത്തിയെടുത്തു വരുന്നുണ്ട്.

ഒരേ വകുപ്പിലെ വിവിധ സെക്ഷനുകളെയും അവരുടെ ഓഫീസർമാരേയും അടുത്തടുത്ത് ഒരു കോംപാക്ട് ഏരിയായ്ക്കുള്ളിൽ കൊണ്ടുവരണമെന്നുള്ള നിർദ്ദേശം സെക്രട്ടേറിയറ്റ് മന്ദിരത്തിലെ സ്ഥലദൗർലഭ്യം മൂലം തല്ക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.